## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *409 — 26.06.2014-ൽ മറുപടിയ്ക്ക്

## റോഡുമുറിച്ചുകടക്കാൻ മേൽപ്പാലങ്ങളും അടിപ്പാതകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ<br>,, കെ.എം.ഷാജി<br>,, പി.കെ.ബഷീർ<br>,, സി.മോയിൻകുട്ടി | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡുകളിലെ കാൽനടയാത്രക്കാർ നേരിടുന്ന സുരക്ഷാപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) എങ്കിൽ അവയ്ക്ക് പരിഹാരമുണ്ടാക്കാൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ)&(ബി):<br>ഉണ്ട്. കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സിഗ്നലുകൾ, നടപ്പാതകൾ, ഗാർഡ് റെയിലുകൾ, പെഡസ്ട്രിയൻ ക്രോസിംഗ് മാർക്കിങ്ങുകൾ, സ്റ്റോപ്പ് ലൈനുകൾ, ഹമ്പുകൾ, സൈൻ ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) നിലവിലെ റോഡുകളുടെ പുനർനിർമ്മാണം നടത്തുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും കാൽനടയാത്രക്കാർക്ക് അനുയോജ്യപാതകൾ കൂടി നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) നിലവിലെ റോഡുകളുടെ പുനർനിർമ്മാണം നടത്തുമ്പോൾ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കാൻ ആവശ്യമായ ഇടങ്ങളിൽ സീബ്രാലൈൻ സ്ഥാപിക്കാറുണ്ട്. വളവുകൾ നിവർത്തുന്നതിനും, റോഡ് വീതി കൂട്ടുന്നതിനും, കാൽനടയാത്രക്കാർക്കുവേണ്ടി നടപ്പാതകൾ നിർമ്മിക്കുന്നതിനും, ആവശ്യമായ സ്ഥലങ്ങളിൽ സംരക്ഷണഭിത്തികൾ നിർമ്മിക്കുന്നതിനും, നടപടികൾ എടുക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. വാഹനപ്പെരുപ്പം കണക്കിലെടുത്ത് സ്ഥല ലഭ്യത, ടെക്നിക്കൽ ഫീസിബിലിറ്റി, ഫണ്ടിന്റെ ലഭ്യത തുടങ്ങിയ മാനദണ്ഡങ്ങളുടെ അനിവാര്യതയ്ക്കനുസരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നുമുണ്ട്.<br>നഗര റോഡു വികസന പദ്ധതി പ്രകാരം റോഡുകൾ പുനർനിർമ്മിക്കുമ്പോൾ, കാൽനടയാത്രക്കാർക്ക് അനുയോജ്യമായ വിധത്തിൽ ഇരുവശങ്ങളിലും ഓടുകൾ പാകിയ നടപ്പാതകൾ നിർമ്മിക്കുന്നുണ്ട്. കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് പ്രധാന ജംഗ്ഷനുകളിൽ കൈവരികൾ നിർമ്മിക്കുകയും റോഡ് മുറിച്ചുകടക്കുന്നതിന് |

സീബ്രാ ക്രോസിംഗുകൾ വരയ്ക്കുകയും, സിഗ്നൽ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ട്രാഫിക് സിഗ്നലുള്ള ജംഗ്ഷനുകളിൽ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചു കടക്കുന്നതിന് പ്രത്യേക സമയം സിഗ്നലിൽ നൽകുന്നുമുണ്ട്.

| | |
|---|---|
| (ഡി) ഗതാഗതത്തിരക്കുള്ള ഭാഗങ്ങളിൽ റോഡുമുറിച്ചുകടക്കാൻ മേൽപ്പാലങ്ങളോ അടിപ്പാതകളോ നിർമ്മിക്കുന്നതിനുള്ളപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ? | (ഡി) ഗതാഗതത്തിരക്കുള്ള ഭാഗങ്ങളിൽ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവ ആവിഷ്ക്കരിക്കുന്നതിനായി KSUDP, NATPAC തുടങ്ങിയ ഏജൻസികൾ മുഖേന പഠനം നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**